"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ചെങ്ങന്നൂർ ഇഎസ്ഐ ഡിസ്പെൻസറിയിലെ ഐ.പി യായ ശ്രീ. ശ്രീകുമാർ കെ ജി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.419/2025/LBR തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:- 1. ശ്രീ ശ്രീകുമാർ കെ .ജി. സമർപ്പിച്ച 03.01.2025 ലെ അപേക്ഷ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 08.01.2025, 05.02.2025, 25.02.2025 തിയതികളിലെ MRC1/4300/2024/DIMS നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ചെങ്ങന്നൂർ ഇഎസ്ഐ ഡിസ്പെൻസറിയിലെ ഇ.എസ്.ഐ ഗുണഭോക്താവായ ശ്രീ. ശ്രീകുമാർ കെ ജി തൻ്റെ ഭാര്യയുടെയും കുഞ്ഞിന്റെയും ചികിത്സയ്ക്ക് 18/05/2023 മുതൽ 27/05/2023 വരെ തിരുവല്ല ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിൽ ചെലവായ തുക റീ ഇംബേഴ്സ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഇ.എസ്.ഐ മാനുവൽ പ്രകാരമുള്ള നിശ്ചിത സമയപരിധിക്കകം ബില്ലുകൾ സമർപ്പിക്കാത്തതിനാൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ടി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ നിരസിച്ചു. ഇക്കാര്യത്തിൽ സംഭവിച്ച കാലതാമസം മാപ്പാക്കി ബില്ലുകൾ പാസാക്കി തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് പരാമർശം 1 പ്രകാരം ശ്രീ ശ്രീകുമാർ കെ ജി വീണ്ടും അപേക്ഷ സമർപ്പിച്ചു.

2.ശ്രീ ശ്രീകുമാർ കെ ജി-യുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ ചികിത്സിച്ച ആശുപത്രിയിൽ നിന്നുള്ള എമർജൻസി സർട്ടിഫിക്കറ്റിനോടൊപ്പം യഥാസമയം ബന്ധപ്പെട്ട ഡിസ്പെൻസറിയിൽ സമർപ്പിച്ചിരുന്നുവെങ്കിൽ സിജിഎച്ച്എസ് മാനദണ്ഡപ്രകാരം തുക പാസ്സാക്കി നൽകുവാൻ മറ്റു തടസങ്ങൾ ഒന്നും തന്നെ ഇല്ലെന്നും ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ചെങ്ങന്നൂർ ഇഎസ്ഐ ഡിസ്പെൻസറിയിലെ ഇ.എസ്.ഐ ഗുണഭോക്താവായ ശ്രീ. ശ്രീകുമാർ കെ ജി-യുടെ ഭാര്യയുടെയും കുഞ്ഞിന്റെയും ചികിത്സയ്ക്ക് 18/05/2023 മുതൽ 27/05/2023 വരെ തിരുവല്ല ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിൽ ചെലവായ തുക റീ ഇംബേഴ്സ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദ്വീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ - 680020.
ശ്രീ. ശ്രീകുമാർ കെ ജി, കുരിശ്ശേരിൽ, പാണ്ടനാട്, പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 28-03-2025 10:42:00
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.